പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3948 16-05-2017-ലെ മറുപടിയ്ക്ക്

**കാർഷിക കടാശ്വാസ കമ്മീഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകുന്നതിന് കാർഷിക കടാശ്വാസ കമ്മീഷന് കഴിയുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | 18-01-2007-ന് മുൻപായി സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത കർഷകർക്ക് കടാശ്വാസം ലഭിക്കുന്നതിനായി അപേക്ഷ നൽകാനുള്ള സമയപരിധി 31-05-2009 ആയി നിശ്ചയിക്കുകയും, വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി കണക്കിലെടുത്ത് ഈ ജില്ലയിലെ 31-10-2011 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുകയും ചെയ്തു. പിന്നീട് കടാശ്വാസത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2015 ഒക്ടോബർ 31 ആയി പുനർനിശ്ചയിക്കുകയുണ്ടായി. അപ്രകാരം ലഭിച്ച അപേക്ഷകൾ വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് സിറ്റിംഗുകൾ നടത്തി കടാശ്വാസത്തിനായി ശിപാർശ ചെയ്തുവരുന്നു. 2015 ഒക്ടോബർ 31-ന് മുൻപായി ലഭിച്ച 477198 അപേക്ഷകളിൽ 430093 അപേക്ഷകൾ നാളിതുവരെ തീർപ്പാക്കുകയും 127132 കർഷകർക്ക് കടാശ്വാസ ആനുകൂല്യത്തിന് ശിപാർശ നടത്തുകയും ബാക്കിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**